കെ. എച്ച്. ആർ. ഡബ്ലിയു.എസ്. പേവാർഡുകളിലെ ക്ഷുദ്രജീവികളുടെ ഉപദ്രവം

153 [156] ശ്രീ. എ. പി. അനിൽകുമാർ:
,, സി. പി. മുഹമ്മദ്:
,, വർക്കല കഹാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ലിയു.എസ്. പേവാർഡുകളിൽ താമസിക്കുന്ന വരെ ക്ഷുദ്രജീവികൾ ഉപദ്രവിക്കുന്ന സംഭവം ഈ വർഷം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംഭവങ്ങളുടെ സാഹചര്യം വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ച് കെ. എച്ച്. ആർ. ഡബ്ലിയു.എസ്.-ന്റെ ഡീലക്സ് പേവാർഡിൽ കിടന്നിരുന്ന അനിൽകുമാറിന്റെ രണ്ട് കാലിലും എലി കടിച്ച് മുറിവേൽപ്പിച്ചിരുന്നുവോ;

(ഡി) ഇതിന്റെ ചികിത്സയ്ക്കുള്ള കുത്തിവയ്പിന് എന്തു മരുന്നുവാങ്ങണ മെന്നാണ് ബന്ധപ്പെട്ട ഡോക്ടർ ശ്രീ. അനിൽകുമാറിനോട് ആവശ്യപ്പെട്ടതെന്ന് വ്യക്ത മാക്കുമോ;

(ഇ) ഡീലക്സ് പേവാർഡിന്റെ വാടകയെത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) പേവാർഡുകളും പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ പോലും പൊതുവേയുള്ള പരിസരമലിനീകരണ പ്രശ്നം മൂലം ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകാം. എങ്കിലും കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുവാനും വാർഡുകളും പരിസരവും അറ്റകുറ്റപ്പണി ചെയ്തും പരിപാലിച്ചും മെച്ചപ്പെട്ട സേവനം നല്കാൻ ഗവൺമെന്റ് കെ. എച്ച്. ആർ. ഡബ്ലിയു.എസ്.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രീ. അനിൽകുമാറിന്റെ കാലിൽ എലി കടിച്ചതായി പരാതിപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആൻറി റാബിസ് സിറം, ആന്റി റാബിസ് വാക്സിൻ എന്നിവ ഒരു പ്രതിരോധ നടപടിയെന്ന നിലയിൽ ആശുപത്രിയിൽ നിന്നുതന്നെ രോഗിക്കു ലഭ്യമാക്കി.

		ദിവസ ചാർജ്
(ഇ)	ബി., സി.	.. രൂപ 190
	ഡി ടൈപ്പ്	.. രൂപ 220
	ഇ ആന്റ് എഫ് ടൈപ്പ്	.. രൂപ 240
	ഇ ടൈപ്പ് (B & W ടെലിവിഷൻ)	.. രൂപ 265
	എഫ് ടൈപ്പ് (കളർ ടെലിവിഷൻ)	.. രൂപ 280

LIBRARY ARCHIVES Kerala Legislative Assembly